
## കേരള സർക്കാർ

# കേരള പൊതുവിപണി വില അവലോകനം

# ജൂലൈ

# 2019




## പ്രൈസസ് വിഭാഗം
## സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്
## തിരുവനന്തപുരം

## 2019

കേരള സർക്കാർ
പിണറായി വിജയൻ
മുഖ്യമന്ത്രി

നം.1360/പ്രസ്/സി.എം.ഒ/2017. നവംബർ 24, 2017

## സന്ദേശം

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് 'കേരള പൊതു വിപണി' എന്ന പേരിൽ 2017 നവംബർ മുതൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. തൊട്ടു മുൻ മാസത്തെ വിപണി വിലയെ അവലോകനം ചെയ്തുകൊണ്ടുള്ള ഈ പ്രസിദ്ധീകരണത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ

The Director General
Economic & Statistics Department
Vikas Bhavan, Thiruvananthapuram

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോൺ 0471 2333241, 2333812, 2333610 ഫാ 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോൺ 0471 2318406, 2314853
www.keralacm.gov.in

# അവതാരിക

കേരളത്തിൽ പൊതുവിപണിയിൽ വിൽപ്പനക്കായി വരുന്ന സാധനങ്ങളിൽ ഭൂരിഭാഗവും അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്നവയാണ് ആയതിനാൽ വില നിയന്ത്രണത്തിൽ പലപ്പോഴും സംസ്ഥാനത്തിന് നിയന്ത്രിക്കാനാവാത്ത പല ഘടകങ്ങളും ഉണ്ടാവുന്നു.കാലാവസ്ഥാ വ്യതിയാനം ,സമരങ്ങൾ, ഇന്ധന വില വർദ്ധനവ് ,സംസ്ഥാനാന്തര ബന്ധങ്ങൾ അന്യ സംസ്ഥാനങ്ങളിലെ വിപണി ചാഞ്ചാട്ടങ്ങൾ ഇങ്ങനെ നിരവധി ഘടകങ്ങൾ കേരളത്തിലെ വിപണി വിലയെ സ്വാധിനിക്കുന്നു ഇക്കാരണങ്ങളാൽ വിപണി വിലയെ നിയന്ത്രിച്ചു നിർത്തുക എന്നുള്ളത് കേരളത്തിലെ ഏതൊരു സർക്കാരിനെയും സംബന്ധിച്ചിടത്തോളം വളരെ ശ്രമകരമായ ഒരു ജോലിയായി മാറുന്നു .ഈ സാഹചര്യത്തിൽ വിപണിയിൽ ഇടപെടുന്നതിനുവേണ്ടി ആവശ്യമായി വരുന്ന വിലനിലവാരം ശേഖരിച്ചു അവലോകനം നടത്തി സർക്കാരിന് നൽകുന്ന ഒരു ഉദ്യമമാണ് ഈ പ്രസിദ്ധികരണത്തിലൂടെ ലക്ഷ്യമിടുന്നത്.

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സംസ്ഥാനത്തെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള ഔദ്യോഗിക ഏജൻസിയാണ്. വകുപ്പിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് പ്രൈസസ് വിഭാഗം വിലശേഖരണവും അതിന്റെ അപഗ്രഥനവും റിപ്പോർട്ടിങ്ങും ഈ വിഭാഗത്തിന്റെ ചുമതലയാണ് . വിവിധ ഇനം വിലകൾ ഈ വകുപ്പ് ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്നു. കാർഷിക വിളകളുടെ കൃഷിയിടത്തെ മൊത്ത , ചില്ലറ വിലകൾ, കമ്പോള മൊത്ത, ചില്ലറ വിലകൾ എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. ഈ വില വിവരങ്ങൾ ഉപയോഗിച്ചു സംസ്ഥാനത്തെ സാധനങ്ങളുടെ വിലനിലവാരം അവലോകനം ചെയ്യുന്നതോടൊപ്പം, വിവിധ സൂചികകൾ തയ്യാറാക്കുകയും ചെയ്യുന്നു. (ഉപഭോക്തൃ വിലസൂചിക, കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്ത വില സൂചിക, കർഷകരുടെ തുല്യതാ സൂചിക,)

സംസ്ഥാനത്തെ അവശ്യ സാധനങ്ങളുടെ വിലനിലവാരം മോണിററർ ചെയ്യുക എന്ന ഉദ്ദേശത്തോടെ ഈ വിഭാഗം 50 ഇനം അവശ്യ സാധനങ്ങളുടെ ചില്ലറ വിലകൾ ദിനംപ്രതി എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ഏററവും കൂടുതൽ കച്ചവടം നടക്കുന്ന മാർക്കററിലെ, ഏററവും കൂടുതൽ കച്ചവടം നടക്കുന്ന കടകളിൽ നിന്നും ജില്ലകളിലെ വിലശേഖരണ ഉദ്യോഗസ്ഥർ മുഖേന ശേഖരിച്ച് വകുപ്പിലെ കമ്പ്യൂട്ടർ വിഭാഗം തയ്യാറാക്കിയ Online Software ലൂടെ വകുപ്പ് ആസ്ഥാനത്തു വച്ച് റിപ്പോർട്ട് തയ്യാറാക്കി വൈകുന്നേരത്തോടുകൂടി സർക്കാരിലേക്കും സിവിൽ സപ്ലൈസ് ,റിസർവ് ബാങ്ക്, കൺസ്യൂമർഫെഡ്, മററ് ഏജൻസികൾ എന്നിവർക്കും അയച്ചുകൊടുക്കുന്നു.

2004 മുതൽ വകുപ്പ് 'പ്രൈസ് ബുള്ളററിൻ' എന്ന പേരിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകരണം എല്ലാ മാസവും പ്രസിദ്ധീകരിച്ചു വരുന്നു. ഔദ്യോഗിക ഭാഷ പൂർണ്ണമായും മലയാളീകരിക്കുന്നതിന്റെ ഭാഗമായി ഈ വകുപ്പ് ഏറെറടുത്ത ഒരു ഉദ്യമമാണ് പ്രൈസ് ബുള്ളററിൻ എന്ന പ്രസിദ്ധീകരണം മലയാളീകരിക്കൽ. പ്രൈസ് ബുള്ളററിനിൽ നിന്നും കാലികമായ മാററങ്ങൾ ഉൾക്കൊണ്ട് കൂടുതൽ പ്രാധാന്യമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി "കേരള പൊതുവിപണി വില അവലോകനം" എന്ന പ്രസിദ്ധീകരണം 2017 നവംബർ മുതൽ വകുപ്പ് പുറത്തിറക്കുന്നു. ദിവസേന വില ശേഖരിക്കുന്ന 50 ഇനം അവശ്യ സാധനങ്ങൾ, അധിക ഇനങ്ങൾ, ആഴ്ചതോറും ശേഖരിക്കുന്ന 20 ഇനങ്ങൾ, പഴ വർഗ്ഗങ്ങൾ എന്നിവയിൽ നിന്നും പ്രാധാന്യമുള്ള ഇനങ്ങൾ തെരഞ്ഞെടുത്ത് അവയുടെ സംസ്ഥാന ശരാശരി വിലയാണ് പ്രസിദ്ധീകരണത്തിനായി ഉപയോഗിച്ചിരിക്കുന്നത്. പ്രൈസ് ബുള്ളററിനിൽ നിന്നും വ്യത്യസ്തമായി വില ശേഖരിക്കുന്ന എല്ലാ ദിവസത്തെയും വിലകളുടെയും മാസ ശരാശരിയാണു ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

സംസ്ഥാനത്തെ എല്ലാ ജില്ല വിപണികളിൽ നിന്നും, മൊത്ത, ചില്ലറ കച്ചവടക്കാരിൽ നിന്നും,, വിവിധ കേന്ദ്ര സംസ്ഥാന സർക്കാർ റിപ്പോർട്ടുകളിൽ നിന്നും വകുപ്പിന്റെ ഇൻവെസ്റ്റിഗേറററർമാരിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണു ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ജില്ലകളിലെ പ്രൈസ് റിപ്പോർട്ടർമാരും ഇതുമായി ബന്ധപ്പെട്ട മററ് ഉദ്യോഗസ്ഥരും അവരുടെ കർത്തവ്യ നിർവഹണത്തിൽ അഭിനന്ദനം അർഹിക്കുന്നു.

വകുപ്പിലെ പ്രൈസസ് വിഭാഗം തയ്യാറാക്കിയ ഈ പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ സ്വാഗതം ചെയ്യുന്നു.

(ഒപ്പ്)

തിരുവനന്തപുരം — വി. രാമചന്ദ്രൻ

05-08-2019 — ഡയറക്ടർ ജനറൽ

## ആമുഖം

കേരളത്തിൽ തെക്കു പടിഞ്ഞാറൻ മൺസൂൺ കാലം ആരംഭിച്ചിട്ട് രണ്ട് മാസം പിന്നിടുമ്പോഴും മഴയുടെ അളവിൽ ഇപ്പോഴും കുറവ് തുടരുകയാണ്. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് ജില്ലകൾ ഒഴികെ ബാക്കി എല്ലാ ജില്ലകളിലും മഴയുടെ അളവിൽ കാര്യമായ കുറവ് റിപ്പോർട്ട് ചെയ്യുന്നു. ജൂലൈ മധ്യത്തോടെ വടക്കൻ ജില്ലകളിൽ നല്ല തോതിൽ മഴ ലഭിച്ചു. എന്നാൽ കഴിഞ്ഞ വർഷം പ്രളയം ഏറ്റവും കൂടുതൽ ബാധിച്ച ജില്ലകളെയാണ് ഇപ്രാവശ്യം ഇതുവരെ മഴ ഏറ്റവും കുറവ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഈ കാലയളവിൽ കേരളത്തിൽ മൊത്തം മഴയുടെ അളവിൽ 34 ശതമാനം കുറവാണു റിപ്പോർട്ട് ചെയ്തിരിക്കുന്നത്. കാർഷിക മേഖലയെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട മാസങ്ങളാണ് മൺസൂൺ കാലത്തിന്റെ ആരംഭം ഈ സമയത്തുണ്ടാവുന്ന മഴയുടെ കുറവ് കാർഷിക വിളകളുടെ ഉത്പാദനത്തെ കാര്യമായി ബാധിക്കാൻ ഇടയുണ്ട്. ജൂൺ മുതൽ ജൂലൈ 31 വരെയുള്ള കാലയളവിൽ മഴയുടെ അളവിൽ 9 ശതമാനം കുറവാണു ഇന്ത്യയിൽ മൊത്തം റിപ്പോർട്ട് ചെയ്തിരിക്കുന്നത് . ആഗസ്ത് മുതൽ സപ്തംബർ വരെയുള്ള കാലയളവിൽ കൂടുതൽ മഴ ലഭിക്കാൻ സാധ്യതയുണ്ടെന്നാണു കാലാവസ്ഥ വകുപ്പ് നൽകുന്ന സൂചന.

കേന്ദ്ര കാർഷിക മന്ത്രാലയം പുറത്തുവിട്ട ഏറ്റവും പുതിയ റിപ്പോർട്ട് പ്രകാരം കാർഷിക വിളകളുടെ കാർഷിക വിസ്തൃതിയിൽ കോട്ടൺ ഒഴികെയുള്ള എല്ലാ ഇനങ്ങളുടെയും വിസ്തൃതിയിൽ കാര്യമായ കുറവ് റിപ്പോർട്ട് ചെയ്യുന്നു. നെല്ലിന്റെ കാർഷിക വിസ്തൃതിയിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ചു 32 ശതമാനം കുറവ് കാണിക്കുന്നു. കേരളത്തിൽ നിലവിൽ അയ്യായിരം ഹെക്ടറിന്റെ കുറവാണു കഴിഞ്ഞ വർഷം ഇതേ കാലയളവുമായി താരതമ്യം ചെയ്യുമ്പോൾ കാണിക്കുന്നത്. ഈ പ്രവണത തുടരുകയാണെങ്കിൽ വരുന്ന സീസണിൽ കേരളത്തിലെ നെല്ല് സംഭരണം കൂടുതൽ ശക്തിപ്പെടുത്തി പരമാവധി നെല്ല് സംഭരിച്ചു നിർത്തുന്നത് അരിയുടെ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനു ഒരു പരിധിവരെ സഹായകരമായിരിക്കും.

നിലവിൽ ഇന്ത്യയിൽ നെല്ലിന്റെയും അരിയുടെയും നീക്കിയിരുപ്പ് വളരെ നല്ല നിലയിലാണുള്ളത് എഫ് സി ഐ യുടെയും സ്റ്റേറ്റ് ഏജൻസികളുടെയും റെക്കോർഡ് നെല്ല് സംഭരണമാണ് ഈ സീസണിൽ ഉണ്ടായിട്ടുള്ളത്. ജൂലൈ 30 ലെ കണക്ക് പ്രകാരം 655 .31 ലക്ഷം മെട്രിക് ടൺ നെല്ലാണ് ഇതുവരെയായി സംഭരിച്ചിട്ടുള്ളത് . സെൻട്രൽ പൂളിൽ 284.21 ലക്ഷം മെട്രിക് ടൺ അരി നീക്കിയിരിപ്പുണ്ട്. കേരളത്തിൽ സപ്ലൈകോയുടെ നേതൃത്വത്തിൽ അഭിമാനാർഹമായ നേട്ടമാണ് ഈ സീസണിലെ നെല്ല് സംഭരണം. ഇതുവരെയുള്ള കണക്ക് പ്രകാരം 6.94 ലക്ഷം ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്

അരിയുടെ കയറ്റുമതിയിൽ നിലവിൽ ഉണ്ടായിരിക്കുന്ന കുറവും, വേണ്ടത്ര നീക്കിയിരിപ്പും കാരണം അരിയുടെ വിലയിൽ സമീപ ഭാവിയിൽ വിലക്കയറ്റത്തിനുള്ള സാധ്യത കാണുന്നില്ല. എന്നാൽ 2019-20 സീസണിൽ ഇന്ത്യയിൽ നെല്ല് ഉത്പാദനം കുറയുവാനുള്ള സാധ്യത അമേരിക്കൻ കാർഷിക മന്ത്രാലയം അവരുടെ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു.

അവലോകനമാസത്തിൽ വിപണിയെ ഏറ്റവും കൂടുതൽ ഉത്കണ്ഠപ്പെടുത്തിയ കാര്യമായിരുന്നു ജൂലൈ 20 മുതൽ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് അഖിലേന്ത്യാ തലത്തിൽ നടത്തിയ ലോറി സമരം. മിക്ക അവശ്യ സാധനങ്ങൾക്കും മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന കേരളം പോലുള്ള ഒരു ഉപഭോക്തൃ സംസ്ഥാനത്ത് ഇതുമൂലം ഉണ്ടാവുന്ന പ്രത്യാഘാതങ്ങൾ വളരെ വലുതായിരിക്കും. കഴിഞ്ഞ ഒന്ന് രണ്ട് മാസങ്ങളായി പച്ചക്കറികളുടെ വിലയിൽ കണ്ടുവന്ന രൂക്ഷമായ വിലക്കയറ്റത്തിന് ഒരു ശമനമുണ്ടായ സമയത്താണ് ലോറി സമരം ഉണ്ടായത് ഇത് വിപണിയിൽ വീണ്ടും ചെറിയ തോതിലുള്ള വിലക്കയറ്റം സൃഷ്ടിക്കുകയും ചെയ്തു. എന്നാൽ സമരം ഒരാഴ്ചകൊണ്ട് അവസാനിക്കുകയും വിപണിയിൽ വീണ്ടും ചരക്കുകൾ എത്തിത്തുടങ്ങുകയും വില താഴേക്ക് വരികയും ചെയ്തത് സാധാരണക്കാരെ സംബന്ധിച്ചിടത്തോളം വളരെ ആശ്വാസകരമായ കാര്യമാണ്.

ഓണക്കാലത്ത് വിപണിയിൽ വില പിടിച്ചു നിർത്തുന്നതിനു സർക്കാർ കാര്യമായി ശ്രമം നടത്തുകയാണ് . ഇതിനായി ഓണത്തിന് ഒരു മുറം പച്ചക്കറി , കുറഞ്ഞ വിലയ്ക്ക് അവശ്യ സാധനങ്ങൾ ഉൾപ്പെടുത്തിയുള്ള ഓണക്കിറ്റുകൾ, കേരള ചിക്കൻ പദ്ധതി പോലുള്ള പരിപാടികൾ സർക്കാർ ആവിഷ്കരിച്ചു നടപ്പാക്കുകയാണ്.

## I. ധാന്യങ്ങൾ


അരിയുടെ വില അവലോകനമാസത്തിൽ ഏതാണ്ട് സ്ഥിരത നിലനിർത്തി വരും മാസത്തിലും കാര്യമായ ഒരു വർദ്ധനവ് പ്രതീക്ഷിക്കുന്നില്ല. മാസാവസാനം ലോറി സമരം കാരണം ചില ജില്ലകളിലെങ്കിലും ചെറിയൊരു വ്യതിയാനം കണ്ടെങ്കിലും പിന്നീട് സ്ഥിരത നിലനിർത്തി. ലോറി സമരം അവസാനിച്ചതോടെ വിപണി സാധാരണ നിലയിലെത്തുകയും നിലവിൽ ആവശ്യത്തിന് അരിയുടെ സ്റ്റോക്ക് വിപണിയിൽ ലഭ്യമാണ് എന്നാണ് വിപണിയിൽ നിന്നുള്ള സൂചന.

അഖിലേന്ത്യാടിസ്ഥാനത്തിൽ ഖരീഫ് സീസണിൽ നെല്ലിന്റെ കാർഷിക വിസ്തൃതിയിൽ നിലവിൽ കാര്യമായ കുറവ് കാണിക്കുന്നുണ്ട്. എന്നാൽ കേരളത്തിൽ ചെറിയൊരു ശതമാനത്തിന്റെ കുറവ് നിലവിൽ കാണിക്കുന്നു

സപ്ലൈകോയുടെ നെല്ല് സംഭരണം അന്തിമ ഘട്ടത്തിൽ എത്തി നിൽക്കുകയാണ് ഇതുവരെ ഏതാണ്ട് 7 ലക്ഷം ടണ്ണോളം നെല്ല് സംഭരിച്ചിട്ടുണ്ട് കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ചു വളരെ അഭിമാനകരമായ ഒരു നേട്ടമാണ് നിലവിലെ നെല്ല് സംഭരണം

2019-20 സീസണിൽ ഇന്ത്യയിലെ നെല്ലുല്പ്പാദനത്തിൽ കുറവുണ്ടാവുമെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. വരും സീസണിൽ പരമാവധി നെല്ല് സംഭരിച്ചു നിർത്തുന്നത് വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനു സഹായിക്കും

| നം | ഇനങ്ങൾ | അളവ് | ജൂലൈ 2018 | ജൂൺ 2019 | ജൂലൈ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | **39.84** | **37.83** | **37.97** | **0.37** | **-4.69** |
| 2 | ചമ്പ | കിലോഗ്രാം | **44.00** | **40.00** | **39.75** | **-0.63** | **-9.66** |
| 3 | റോസ് | കിലോഗ്രാം | **40.15** | **38.54** | **38.64** | **0.26** | **-3.76** |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | **36.23** | **36.69** | **36.71** | **0.05** | **1.32** |
| 5 | ജയ | കിലോഗ്രാം | **36.63** | **35.63** | **35.77** | **0.41** | **-2.33** |
| 6 | ഗോതമ്പ് | കിലോഗ്രാം | **32.19** | **34.98** | **34.79** | **-0.55** | **8.06** |




## II. പയർ വർഗ്ഗങ്ങൾ

പയർ വർഗ്ഗങ്ങളിൽ കാര്യമായ ഏറ്റക്കുറച്ചിലുകൾ അവലോകന മാസമായ ജൂലൈയിൽ ദൃശ്യമായില്ല .വൻപയർ ഒഴികെയുള്ള ഇനങ്ങൾ ഏതാണ്ട് സ്ഥിരത നിലനിർത്തി.ആഗസ്ത് മാസത്തിലും ഏതാണ്ട് ഇതേ നില തുടരാൻ തന്നെയാണ് സാധ്യതയെന്നാണ് വിപണിയിൽ നിന്നുള്ള സൂചന.ചെറുപയർ ഉഴുന്ന് എന്നിവയുടെ വിലയിൽ മാസാവസാനം ചെറിയൊരു വിലക്കുറവിനുള്ള പ്രവണത കാണിച്ചു. തുവരപ്പരിപ്പിന്റെ വില അടുത്ത മാസങ്ങളിൽ കുറയുവാനുള്ള സാധ്യത ഇല്ലെന്നാണ് വിപണിയിൽ നിന്നുള്ള വിവരം

കേന്ദ്ര കാർഷിക മന്ത്രാലയത്തിന്റെ ജൂലൈ 26 ലെ കണക്ക് പ്രകാരം പയർ വർഗ്ഗങ്ങളുടെ കാർഷിക വിസ്തൃതിയിൽ കഴിഞ്ഞ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ ഏതാണ്ട് 19 ശതമാനത്തിന്റെ കുറവ് കാണിക്കുന്നു. പ്രധാന ഉത്പാദക സംസ്ഥാനങ്ങളിൽ ഒന്നായ മഹാരാഷ്ട്രയിൽ ഏതാണ്ട് 30 ശതമാനത്തോളം കുറവ് കാണിക്കുന്നു ഒന്നോ രണ്ടോ ആഴ്ചയോടുകൂടി ഈ കുറവ് നികത്തപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്. അങ്ങിനെ സംഭവിച്ചില്ലെങ്കിൽ അടുത്ത സീസണിൽ പയർ വർഗ്ഗങ്ങളുടെ വിലയിൽ രൂക്ഷമായ വിലക്കയറ്റത്തെയാവും അഭിമുഖീകരിക്കേണ്ടി വരിക

.

| നം | ഇനങ്ങൾ | അളവ് | ജൂലൈ 2018 | ജൂൺ 2019 | ജൂലൈ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 90.46 | 93.30 | 94.11 | 0.87 | 4.03 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 89.50 | 95.98 | 97.09 | 1.16 | 8.48 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 83.55 | 95.00 | 94.73 | -0.28 | 13.38 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 79.84 | 92.27 | 92.00 | -0.29 | 15.23 |
| 5 | വൻപയർ | കിലോഗ്രാം | 69.38 | 71.07 | 73.14 | 2.91 | 5.42 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 80.75 | 97.86 | 99.20 | 1.37 | 22.85 |
| 7 | കടല(വലുത്) | കിലോഗ്രാം | 70.39 | 76.00 | 76.20 | 0.26 | 8.25 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 60.97 | 72.22 | 72.59 | 0.51 | 19.06 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 50.25 | 68.33 | 67.75 | -0.85 | 34.83 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 68.94 | 72.23 | 71.83 | -0.56 | 4.18 |




## III . മററ് ഭക്ഷ്യ വസ്തുക്കൾ

അവലോകനമാസമായ ജൂലൈയിൽ ഇറച്ചിക്കോഴി ഒഴികെയുള്ള ഇനങ്ങളിൽ എടുത്തു പറയത്തക്ക വിലവ്യതിയാനം ഒരു ഇനത്തിലും ഉണ്ടായില്ല. ഇറച്ചിക്കോഴിയുടെ വിലയിൽ കഴിഞ്ഞ മാസങ്ങളിലുണ്ടായ വിലക്കയറ്റത്തിന് ശേഷം അവലോകനമാസത്തിൽ കാര്യമായ കുറവ് ദൃശ്യമായി വില ഏതാണ്ട്100 രൂപയിൽ താഴെ എത്തിയെങ്കിലും മാസാവസാനം വീണ്ടും വില വർദ്ധനവിനുള്ള പ്രവണത കാണിച്ചു. ട്രോളിംഗ് നിരോധനം അവസാനിച്ചതോടെ സ്വാഭാവികമായും ഇറച്ചിക്കോഴിയുടെ വില കുറയേണ്ടതാണ്, എന്നാൽ ഫോർമാലിൻ പോലുള്ള രാസവസ്തുക്കൾ ഉപയോഗിക്കുന്നു എന്നുള്ള ഭയം മത്സ്യത്തിന്റെ ഉപയോഗത്തിൽ നിന്നുമുള്ള താല്പര്യം കുറഞ്ഞു വരുന്നു എന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന. ഇറച്ചിക്കോഴിയുടെ വിലയിൽ ആഗസ്ത് ആദ്യ വാരങ്ങളിലും നേരിയൊരു വിലക്കയറ്റം ഉണ്ടാവുമെന്നാണ് വിപണി നൽകുന്ന സൂചന.

പഞ്ചസാരയുടെ വിലയിൽ കാര്യമായ വിലക്കയറ്റത്തിനുള്ള സാധ്യത കാണുന്നില്ല. കോഴിമുട്ടയുടെ വിലയിൽ അവലോകന മാസത്തിൽ കാര്യമായ വിലക്കുറവ് ദൃശ്യമായി എന്നാൽ മാസാവസാനം നേരിയൊരു വർദ്ധനവിനുള്ള പ്രവണത കാണിച്ചു.ആഗസ്തിൽ ചെറിയൊരു വർദ്ധനവിനുള്ള സാധ്യത ഉണ്ടെന്നാണ് വിപണിയിൽ നിന്നുള്ള സൂചന.

| നം | ഇനങ്ങൾ | അളവ് | ജൂലൈ 2018 | ജൂൺ 2019 | ജൂലൈ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | **39.15** | **38.02** | **37.92** | **-0.26** | **-3.14** |
| 2 | കരുപ്പെട്ടി | കിലോഗ്രാം | **151.73** | **155.38** | **155.48** | **0.06** | **2.47** |
| 3 | ശർക്കര | കിലോഗ്രാം | **53.00** | **51.50** | **50.91** | **-1.15** | **-3.94** |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | **61.65** | **57.37** | **57.19** | **-0.31** | **-7.23** |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | **535.54** | **570.54** | **574.82** | **0.75** | **7.33** |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | **107.19** | **126.87** | **101.50** | **-20.00** | **-5.31** |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | **148.23** | **147.50** | **147.48** | **-0.01** | **-0.51** |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | **161.81** | **161.71** | **162.12** | **0.25** | **0.19** |




## IV. എണ്ണയും ഏണ്ണക്കുരുക്കളും

അവലോകനമാസമായ ജൂലൈയിൽ പൊതുവെ വിലക്കുറവ് കണ്ടെങ്കിലും കേര കർഷകരെ സംബന്ധിച്ച് അല്പം ആശ്വാസം നൽകികൊണ്ട് മാസാവസാനം തേങ്ങയുടെ വിലയിൽ നേരിയൊരു വർദ്ധനവുണ്ടായി, സമീപ ഭാവിയിൽ തന്നെ വില വർദ്ധനവിനുള്ള സാധ്യത ഉണ്ടെന്നാണ് വിപണിയിൽ നിന്നുള്ള സൂചന. എന്നാൽ വെളിച്ചെണ്ണയുടെ വില വർദ്ധനവിനനുസരിച്ചുള്ള ഒരു വർദ്ധനവ് തേങ്ങയുടെ വിലയിൽ ഉണ്ടാവുന്നില്ലെന്നാണ് പൊതുവിൽ നാളികേര കർഷകരുടെ പരാതി എന്നാൽ തേങ്ങയ്ക്ക് തറവില നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ തീരുമാനം തീർച്ചയായും കർഷകർക്ക് ന്യായ വില കിട്ടുന്നതിന് ഉപകരിക്കും.

മറ്റ് എണ്ണ ഇനങ്ങളെല്ലാം കാര്യമായ വ്യതിയാനങ്ങളില്ലാതെ സ്ഥിരത നിലനിർത്തി.

| നം | ഇനങ്ങൾ | അളവ് | ജൂലൈ 2018 | ജൂൺ 2019 | ജൂലൈ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഏണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | **206.41** | **170.86** | **170.09** | **-0.45** | **-17.60** |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | **147.00** | **158.00** | **158.00** | **0.00** | **7.48** |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | **94.21** | **97.81** | **98.13** | **0.33** | **4.16** |
| 4 | നല്ലെണ്ണ | ലിററർ | **165.25** | **221.96** | **221.52** | **-0.20** | **34.05** |
| 5 | കടുക് എണ്ണ | ലിററർ | **137.40** | **138.00** | **138.00** | **0.00** | **0.44** |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | **95.88** | **99.91** | **100.45** | **0.54** | **4.77** |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | **95.21** | **97.15** | **97.16** | **0.01** | **2.05** |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | **200.32** | **159.57** | **157.89** | **-1.05** | **-21.18** |




## V.സുഗന്ധ വ്യഞ്ജനങ്ങൾ

കുരുമുളകിന്റെ വില മാസാവസാനം നേരിയൊരു വിലക്കയറ്റത്തിന്റെ സൂചന തന്നു..അതേസമയം വറ്റൽ മുളക്, വെളുത്തുള്ളി എന്നിവയുടെ വിലയിൽ യാതൊരു ശമനവുമില്ലാതെ വില വർദ്ധിക്കുകയാണ്. ആഗോള തലത്തിൽ തന്നെ വെളുത്തുള്ളിയുടെ ഡിമാന്റ് വർദ്ധിച്ചതും ഉല്പാദനത്തിലുണ്ടായ കുറവും വില വർദ്ധനവിന് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. വെളുത്തുള്ളിയുടെ പ്രിയം യൂറോപ്യൻ രാജ്യങ്ങളിൽ ഉൾപ്പെടെ അന്താരാഷ്ട്ര മാർക്കറ്റുകളിൽ വർദ്ധിക്കുന്നതായാണ് റിപ്പോർട്ട് .ആയതിനാൽ തന്നെ സമീപ ഭാവിയിൽ കാര്യമായ ഒരു വിലക്കുറവിനുള്ള സാധ്യത കാണുന്നില്ല.

അന്താരാഷ്ട്ര മാർക്കറ്റുകളിൽ നിന്നുള്ള ഡിമാന്റ് വർദ്ധിച്ചതാണ് വറ്റൽ മുളകിന്റെ വിലയിലുണ്ടായിരിക്കുന്ന വർദ്ധനവിന് കാരണമെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന വിവരം. ആഗസ്തിലും ഈ സ്ഥിതി തുടരാനാണ് സാധ്യതയെന്നാണ് വിപണിയിൽ നിന്നുള്ള സൂചന.

ഉള്ളിയുടെ വിലയിൽ കഴിഞ്ഞ മാസങ്ങളിലുണ്ടായ വർദ്ധനവിന് ശേഷം അവലോകന മാസത്തിൽ വിലക്കുറവ് ദൃശ്യമായി മാസാവസാനം ഏതാണ്ട് സ്ഥിരത നിലനിർത്തുന്നതിനുള്ള സൂചന കാണിച്ചു. ആഗസ്തിൽ കാര്യമായ ഒരു വിലക്കയറ്റത്തിനുള്ള സാധ്യത ഇല്ലെന്നാണ് വിപണിയിൽ നിന്ന് നൽകുന്ന സൂചന.


| നം | ഇനങ്ങൾ | അളവ് | ജൂലൈ 2018 | ജൂൺ 2019 | ജൂലൈ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| 1 | മല്ലി | കിലോഗ്രാം | 83.54 | 101.57 | 102.68 | 1.09 | 22.91 |
| 2 | മുളക് | കിലോഗ്രാം | 125.43 | 130.55 | 134.52 | 3.04 | 7.25 |
| 3 | ഉള്ളി | കിലോഗ്രാം | 68.00 | 61.95 | 62.52 | 0.92 | -8.06 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 162.32 | 143.55 | 141.61 | -1.35 | -12.76 |
| 5 | ജീരകം | 100 ഗ്രാം | 29.79 | 29.82 | 30.00 | 0.60 | 0.70 |
| 6 | കടുക് | 100 ഗ്രാം | 8.86 | 9.29 | 9.43 | 1.51 | 6.43 |
| 7 | ഉലുവ | 100 ഗ്രാം | 9.36 | 9.63 | 9.80 | 1.77 | 4.70 |
| 8 | മഞ്ഞൾ പൊടി | 100 ഗ്രാം | 18.54 | 18.96 | 18.96 | 0.00 | 2.27 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 7.11 | 11.88 | 12.55 | 5.64 | 76.51 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 444.79 | 419.27 | 414.23 | -1.20 | -6.87 |



## VI. കിഴങ്ങു വർഗ്ഗങ്ങൾ

കഴിഞ്ഞ ഏതാനും മാസങ്ങളിൽ ഉണ്ടായ വിലക്കയറ്റത്തിന് ശേഷം അവലോകനമാസത്തിൽ കിഴങ്ങു വർഗ്ഗങ്ങളുടെ വിലയിൽ ഏറ്റക്കുറച്ചിലുകൾ ദൃശ്യമായിരുന്നു ചേന, കാരറ്റ്, ബീറ്റ്റൂട്ട് എന്നിവയുടെ വില അവലോകന മാസം പകുതിയോട് കുടി വിലക്കുറവ് ദൃശ്യമായി എന്നാൽ മാസാവസാനം ലോറി സമരത്തെ തുടർന്ന് വിപണിയിൽ സാധനങ്ങളുടെ വരവ് കുറഞ്ഞതോടെ വിലയിൽ അല്പം വർദ്ധനവ് ദൃശ്യമായി. ലോറി സമരം അവസാനിച്ചതോടെ വീണ്ടും ചേമ്പ് ഒഴികെയുള്ള ഇനങ്ങളിൽ വിലക്കുറവ് അനുഭവപ്പെട്ടു. ആഗസ്തിൽ കിഴങ്ങു വർഗ്ഗങ്ങളുടെ വില ചെറിയ തോതിലുള്ള ഏറ്റക്കുറച്ചിലുകളോടെ നിലകൊള്ളാനാണ് സാധ്യത.

| നം | ഇനങ്ങൾ | അളവ് | ജൂലൈ 2018 | ജൂൺ 2019 | ജൂലൈ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | **36.23** | **37.61** | **38.98** | **3.64** | **7.59** |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | **22.00** | **27.27** | **27.00** | **-0.99** | **22.73** |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | **33.57** | **28.14** | **27.41** | **-2.59** | **-18.35** |
| 4 | ചേമ്പ് | കിലോഗ്രാം | **61.09** | **69.98** | **68.92** | **-1.51** | **12.82** |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | **43.80** | **41.29** | **44.50** | **7.77** | **1.60** |
| 6 | കാരററ് | കിലോഗ്രാം | **49.80** | **59.88** | **67.09** | **12.04** | **34.72** |




## VII. പച്ചക്കറി ഇനങ്ങൾ

കിഴങ്ങു വർഗ്ഗങ്ങളിലേതു പോലെ തന്നെ പച്ചക്കറി ഇനങ്ങളുടെ വിലയിലും കഴിഞ്ഞ മാസങ്ങളിലുണ്ടായ വിലക്കയറ്റത്തിന് ശേഷം അവലോകനമാസമായ ജൂലൈയിൽ വിലക്കുറവ് ദൃശ്യമായി. എന്നാൽ ജൂലൈ 20 മുതൽ ആരംഭിച്ച ലോറി സമരം അവസാന ആഴ്ചയിൽ പച്ചക്കറികളുടെ വിലക്കയറ്റത്തിന് കരണമായി, എന്നാൽ വിലക്കയറ്റം രൂക്ഷമാവുന്നതിനു മുമ്പേ ലോറി സമരം അവസാനിച്ചത് ഉപഭോക്താക്കൾക്ക് ആശ്വാസമായി.നിലവിൽ വിപണി ഏതാണ്ട് സ്ഥിരത കൈവരിച്ചിട്ടുണ്ട്.

സവാള, തക്കാളി എന്നിവയുടെ വിലയിൽ കാര്യമായ കുറവ് ദൃശ്യമാണ്.ആഗസ്തിലും വിലക്കുറവ് തുടരാനാണ് സാധ്യതയെന്നാണ് വിപണി നൽകുന്ന സൂചന. മറ്റ് പച്ചക്കറി ഇനങ്ങളിലും ചെറിയൊരു ഏറ്റക്കുറച്ചുലുകളോടെ നിലകൊള്ളാനാണ് സാധ്യതയെന്നാണ് വിപണിയിൽ നിന്നും നിലവിൽ ലഭിക്കുന്ന സൂചന.

ഓണത്തോട് അനുബന്ധിച്ചു ആഗസ്ത് അവസാനം വിലക്കയറ്റത്തിനുള്ള സാധ്യത കാണുന്നുണ്ട്. എന്നാൽ ഓണത്തിന് ഒരു മുറം പച്ചക്കറി പോലുള്ള സർക്കാരിന്റെ ഇടപെടൽ വിപണി വിലയെ പിടിച്ചു നിർത്താൻ സഹായിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്

| നം | ഇനങ്ങൾ | അളവ് | ജൂലൈ 2018 | ജൂൺ 2019 | ജൂലൈ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 25.21 | 24.48 | 24.48 | 0.00 | -2.90 |
| 2 | വഴുതന | കിലോഗ്രാം | 35.45 | 37.43 | 35.55 | -5.02 | 0.28 |
| 3 | മത്തങ്ങ | കിലോഗ്രാം | 23.23 | 28.25 | 27.20 | -3.72 | 17.09 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 28.82 | 24.27 | 21.71 | -10.55 | -24.67 |
| 5 | വെണ്ടക്ക | കിലോഗ്രാം | 38.23 | 39.93 | 36.02 | -9.79 | -5.78 |
| 6 | ബീൻസ്(ഇംഗ്ളീഷ്) | കിലോഗ്രാം | 56.86 | 89.98 | 54.52 | -39.41 | -4.12 |
| 7 | വള്ളിപ്പയർ | കിലോഗ്രാം | 52.68 | 52.07 | 48.45 | -6.95 | -8.03 |
| 8 | കാബേജ് | കിലോഗ്രാം | 28.46 | 39.77 | 42.21 | 6.14 | 48.31 |
| 9 | പാവയ്ക്ക | കിലോഗ്രാം | 50.32 | 58.70 | 51.02 | -13.08 | 1.39 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 29.59 | 24.04 | 23.09 | -3.95 | -21.97 |
| 11 | പടവലങ്ങ | കിലോഗ്രാം | 37.96 | 41.36 | 36.75 | -11.15 | -3.19 |
| 12 | തക്കാളി | കിലോഗ്രാം | 27.41 | 39.73 | 37.20 | -6.37 | 35.72 |
| 13 | പച്ചമുളക് | 100 ഗ്രാം | 7.37 | 7.27 | 6.10 | -16.09 | -17.23 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 45.14 | 56.20 | 45.50 | -19.04 | 0.80 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 34.36 | 33.29 | 35.82 | 7.60 | 4.25 |



## VIII. പഴവർഗ്ഗങ്ങൾ


പഴ വർഗ്ഗങ്ങളിൽ അവലോകന മാസമായ ജൂലൈയിൽ ആപ്പിൾ, ഏത്തപ്പഴം എന്നിവ ഒഴികെയുള്ള ഇനങ്ങളിൽ വിലക്കയറ്റ പ്രവണത ദൃശ്യമായിരുന്നു. ഏത്തപ്പഴത്തിന്റെ വിലയിൽ കുറവ് ദൃശ്യമായപ്പോൾ പാളയംതോടൻ, രസകദളി ഉൾപ്പെടെയുള്ള വാഴപ്പഴങ്ങളുടെ വിലയിൽ വിലക്കയറ്റം ദൃശ്യമായി.

കഴിഞ്ഞ മാസങ്ങളിൽ തമിഴ്നാട് ,കർണാടകം സംസ്ഥാനങ്ങളിലുണ്ടായ വരൾച്ചയും കേരളത്തിലെ വിവിധ പ്രദേശങ്ങളിലുണ്ടായ മഴക്കുറവും കാരണമാണ് വാഴപ്പഴങ്ങളുടെ വിലയിൽ ഇത്രയും വിലക്കയറ്റം ഉണ്ടായതെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന വിവരം ഓണക്കാലമാവുന്നതോടെ ഏത്തപ്പഴത്തിന്റെ വിലയിൽ വർദ്ധനവിനുള്ള ഒരു സാധ്യത നിലനിൽക്കുന്നുണ്ട്.

ആഗസ്ത് മാസത്തിലും പഴ വർഗ്ഗങ്ങളുടെ വിലയിൽ കാര്യമായ ഒരു കുറവിന് സാധ്യത ഇല്ലെന്നാണ് വിപണിയിൽ നിന്നുള്ള സൂചന

.


| നം | ഇനങ്ങൾ | അളവ് | ജൂലൈ 2018 | ജൂൺ 2019 | ജൂലൈ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്(സിട്രസ്) | കിലോഗ്രാം | **117.50** | **111.88** | **107.26** | **-4.12** | **-8.71** |
| 2 | മുസമ്പി | കിലോഗ്രാം | **64.25** | **70.87** | **70.38** | **-0.70** | **9.53** |
| 3 | മാതളം | കിലോഗ്രാം | **103.13** | **99.69** | **104.50** | **4.83** | **1.33** |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | **140.00** | **175.00** | **145.33** | **-16.95** | **3.81** |
| 5 | ഏത്തപ്പഴം | കിലോഗ്രാം | **53.25** | **63.78** | **54.03** | **-15.28** | **1.46** |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | **29.16** | **35.17** | **39.61** | **12.62** | **35.85** |
| 7 | വാഴപ്പഴം രസകദളി | കിലോഗ്രാം | **48.20** | **58.63** | **74.09** | **26.36** | **53.70** |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | **48.11** | **50.08** | **55.20** | **10.23** | **14.74** |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | **27.09** | **31.08** | **36.07** | **16.06** | **33.14** |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | **50.45** | **55.58** | **64.66** | **16.34** | **28.15** |
| 11 | തണ്ണിമത്തൻ(കിരൺ) | കിലോഗ്രാം | **19.30** | **21.80** | **22.84** | **4.77** | **18.37** |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | **69.00** | **97.85** | **136.94** | **39.96** | **98.47** |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | **81.72** | **96.14** | **109.54** | **13.94** | **34.04** |



## IX. ഭക്ഷ്യേതര വസ്തുക്കൾ

അവലോകന മാസമായ ജൂലൈയിൽ സിമന്റിന്റെയും സ്റ്റീലിന്റെയും വിലയിൽ നേരിയൊരു വിലക്കുറവ് ദൃശ്യമായിരുന്നു.സിമന്റിന്റെ വില ഏതാണ്ട് നാനൂറു രൂപയ്ക്കടുത്തായി നിൽക്കുകയാണ്. ആഗസ്തിലും ഏതാണ്ട് ഇതേ സ്ഥിതിയോടെ സ്ഥിരത അനിലനിർത്താനാണ് സാധ്യത എന്നാണ് വിപണി നൽകുന്ന സൂചന

| നം | ഇനങ്ങൾ | അളവ് | ജൂലൈ 2018 | ജൂൺ 2019 | ജൂലൈ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 20.39 | 20.00 | 20.00 | 0.00 | -1.91 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 28.23 | 29.77 | 29.79 | 0.07 | 5.53 |
| 3 | വിറക് നാടൻ) | ക്വിന്റൽ | 501.67 | 495.00 | 495.00 | 0.00 | -1.33 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 405.47 | 402.68 | 398.39 | -1.07 | -1.75 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 400.16 | 396.96 | 392.68 | -1.08 | -1.87 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 55.56 | 53.63 | 52.55 | -2.01 | -5.42 |



## അനുബന്ധം

| സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് | | | | | | | |
|---|---|---|---|---|---|---|---|
| നം | ഇനങ്ങൾ | അളവ് | ജൂലൈ 2018 | ജൂൺ 2019 | ജൂലൈ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | **39.84** | **37.83** | **37.97** | **0.37** | **-4.69** |
| 2 | ചമ്പ | കിലോഗ്രാം | **44.00** | **40.00** | **39.75** | **-0.63** | **-9.66** |
| 3 | റോസ് | കിലോഗ്രാം | **40.15** | **38.54** | **38.64** | **0.26** | **-3.76** |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | **36.23** | **36.69** | **36.71** | **0.05** | **1.32** |
| 5 | ജയ | കിലോഗ്രാം | **36.63** | **35.63** | **35.77** | **0.41** | **-2.33** |
| 6 | ഗോതമ്പ് | കിലോഗ്രാം | **32.19** | **34.98** | **34.79** | **-0.55** | **8.06** |
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | **90.46** | **93.30** | **94.11** | **0.87** | **4.03** |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | **89.50** | **95.98** | **97.09** | **1.16** | **8.48** |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | **83.55** | **95.00** | **94.73** | **-0.28** | **13.38** |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | **79.84** | **92.27** | **92.00** | **-0.29** | **15.23** |
| 5 | വൻപയർ | കിലോഗ്രാം | **69.38** | **71.07** | **73.14** | **2.91** | **5.42** |
| 6 | തുവരപരിപ്പ് | കിലോഗ്രാം | **80.75** | **97.86** | **99.20** | **1.37** | **22.85** |
| 7 | കടല(വലുത്) | കിലോഗ്രാം | **70.39** | **76.00** | **76.20** | **0.26** | **8.25** |
| 8 | കടല(ചെറുത്) | കിലോഗ്രാം | **60.97** | **72.22** | **72.59** | **0.51** | **19.06** |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | **50.25** | **68.33** | **67.75** | **-0.85** | **34.83** |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | **68.94** | **72.23** | **71.83** | **-0.56** | **4.18** |
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | **39.15** | **38.02** | **37.92** | **-0.26** | **-3.14** |
| 2 | കരുപ്പെട്ടി | കിലോഗ്രാം | **151.73** | **155.38** | **155.48** | **0.06** | **2.47** |
| 3 | ശർക്കര | കിലോഗ്രാം | **53.00** | **51.50** | **50.91** | **-1.15** | **-3.94** |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | **61.65** | **57.37** | **57.19** | **-0.31** | **-7.23** |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | **535.54** | **570.54** | **574.82** | **0.75** | **7.33** |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | **107.19** | **126.87** | **101.50** | **-20.00** | **-5.31** |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | **148.23** | **147.50** | **147.48** | **-0.01** | **-0.51** |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | **161.81** | **161.71** | **162.12** | **0.25** | **0.19** |
| | ഏണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | **206.41** | **170.86** | **170.09** | **-0.45** | **-17.60** |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | **147.00** | **158.00** | **158.00** | **0.00** | **7.48** |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | **94.21** | **97.81** | **98.13** | **0.33** | **4.16** |
| 4 | നല്ലെണ്ണ | ലിററർ | **165.25** | **221.96** | **221.52** | **-0.20** | **34.05** |
| 5 | കടുക് എണ്ണ | ലിററർ | **137.40** | **138.00** | **138.00** | **0.00** | **0.44** |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | **95.88** | **99.91** | **100.45** | **0.54** | **4.77** |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | **95.21** | **97.15** | **97.16** | **0.01** | **2.05** |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | **200.32** | **159.57** | **157.89** | **-1.05** | **-21.18** |

| നം | ഇനങ്ങൾ | അളവ് | ജൂലൈ 2018 | ജൂൺ 2019 | ജൂലൈ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | **സുഗന്ധവ്യഞ്ജനങ്ങൾ** | | | | | | |
| | | | | | | | |
| 1 | മല്ലി | കിലോഗ്രാം | **83.54** | **101.57** | **102.68** | **1.09** | **22.91** |
| 2 | മുളക് | കിലോഗ്രാം | **125.43** | **130.55** | **134.52** | **3.04** | **7.25** |
| 3 | ഉള്ളി | കിലോഗ്രാം | **68.00** | **61.95** | **62.52** | **0.92** | **-8.06** |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | **162.32** | **143.55** | **141.61** | **-1.35** | **-12.76** |
| 5 | ജീരകം | 100 ഗ്രാം | **29.79** | **29.82** | **30.00** | **0.60** | **0.70** |
| 6 | കടുക് | 100 ഗ്രാം | **8.86** | **9.29** | **9.43** | **1.51** | **6.43** |
| 7 | ഉലുവ | 100 ഗ്രാം | **9.36** | **9.63** | **9.80** | **1.77** | **4.70** |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | **18.54** | **18.96** | **18.96** | **0.00** | **2.27** |
| 9 | വെളുത്തുള്ളി | 100 ഗ്രാം | **7.11** | **11.88** | **12.55** | **5.64** | **76.51** |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | **444.79** | **419.27** | **414.23** | **-1.20** | **-6.87** |
| | **കിഴങ്ങുവർഗ്ഗങ്ങൾ** | | | | | | |
| 1 | ചേന | കിലോഗ്രാം | **36.23** | **37.61** | **38.98** | **3.64** | **7.59** |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | **22.00** | **27.27** | **27.00** | **-0.99** | **22.73** |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | **33.57** | **28.14** | **27.41** | **-2.59** | **-18.35** |
| 4 | ചേമ്പ് | കിലോഗ്രാം | **61.09** | **69.98** | **68.92** | **-1.51** | **12.82** |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | **43.80** | **41.29** | **44.50** | **7.77** | **1.60** |
| 6 | കാരററ് | കിലോഗ്രാം | **49.80** | **59.88** | **67.09** | **12.04** | **34.72** |
| | | | | | | | |
| | **പച്ചക്കറി ഇനങ്ങൾ** | | | | | | |
| 1 | സവാള | കിലോഗ്രാം | **25.21** | **24.48** | **24.48** | **0.00** | **-2.90** |
| 2 | വഴുതന | കിലോഗ്രാം | **35.45** | **37.43** | **35.55** | **-5.02** | **0.28** |
| 3 | മത്തങ്ങ | കിലോഗ്രാം | **23.23** | **28.25** | **27.20** | **-3.72** | **17.09** |
| 4 | വെള്ളരിക്ക | കിലോഗ്രാം | **28.82** | **24.27** | **21.71** | **-10.55** | **-24.67** |
| 5 | വെണ്ടക്ക | കിലോഗ്രാം | **38.23** | **39.93** | **36.02** | **-9.79** | **-5.78** |
| 6 | ബീൻസ്(ഇംഗ്ളീഷ്) | കിലോഗ്രാം | **56.86** | **89.98** | **54.52** | **-39.41** | **-4.12** |
| 7 | വള്ളിപ്പയർ | കിലോഗ്രാം | **52.68** | **52.07** | **48.45** | **-6.95** | **-8.03** |
| 8 | കാബേജ് | കിലോഗ്രാം | **28.46** | **39.77** | **42.21** | **6.14** | **48.31** |
| 9 | പാവയ്ക്ക | കിലോഗ്രാം | **50.32** | **58.70** | **51.02** | **-13.08** | **1.39** |
| 10 | കുമ്പളങ്ങ | കിലോഗ്രാം | **29.59** | **24.04** | **23.09** | **-3.95** | **-21.97** |
| 11 | പടവലങ്ങ | കിലോഗ്രാം | **37.96** | **41.36** | **36.75** | **-11.15** | **-3.19** |
| 12 | തക്കാളി | കിലോഗ്രാം | **27.41** | **39.73** | **37.20** | **-6.37** | **35.72** |
| 13 | പച്ചമുളക് | 100 ഗ്രാം | **7.37** | **7.27** | **6.10** | **-16.09** | **-17.23** |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | **45.14** | **56.20** | **45.50** | **-19.04** | **0.80** |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | **34.36** | **33.29** | **35.82** | **7.60** | **4.25** |

| നം | ഇനങ്ങൾ | അളവ് | ജൂലൈ 2018 | ജൂൺ 2019 | ജൂലൈ 2019 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്( നാഗ്പൂർ) | കിലോഗ്രാം | 117.50 | 111.88 | 107.26 | -4.12 | -8.71 |
| 2 | മുസമ്പി | കിലോഗ്രാം | 64.25 | 70.87 | 70.38 | -0.70 | 9.53 |
| 3 | മാതളം | കിലോഗ്രാം | 103.13 | 99.69 | 104.50 | 4.83 | 1.33 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 140.00 | 175.00 | 145.33 | -16.95 | 3.81 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 53.25 | 63.78 | 54.03 | -15.28 | 1.46 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 29.16 | 35.17 | 39.61 | 12.62 | 35.85 |
| 7 | വാഴപ്പഴം രസകദളി/ | കിലോഗ്രാം | 48.20 | 58.63 | 74.09 | 26.36 | 53.70 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 48.11 | 50.08 | 55.20 | 10.23 | 14.74 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 27.09 | 31.08 | 36.07 | 16.06 | 33.14 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 50.45 | 55.58 | 64.66 | 16.34 | 28.15 |
| 11 | തണ്ണിമത്തൻ | കിലോഗ്രാം | 19.30 | 21.80 | 22.84 | 4.77 | 18.37 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 69.00 | 97.85 | 136.94 | 39.96 | 98.47 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 81.72 | 96.14 | 109.54 | 13.94 | 34.04 |
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 20.39 | 20.00 | 20.00 | 0.00 | -1.91 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 28.23 | 29.77 | 29.79 | 0.07 | 5.53 |
| 3 | വിറക് നാടൻ) | ക്വിന്റൽ | 501.67 | 495.00 | 495.00 | 0.00 | -1.33 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 405.47 | 402.68 | 398.39 | -1.07 | -1.75 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 400.16 | 396.96 | 392.68 | -1.08 | -1.87 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 55.56 | 53.63 | 52.55 | -2.01 | -5.42 |